ഏപ്രിൽ 30,2014

പ്രചാരണഡയറി 30..04..14

**അരുൺ ജെയ്റ്റ്ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

ഇന്നാണ് അമൃത്സറിലെ വോട്ടിംഗ് ദിനം. കടുത്ത ചൂടിൽ കഴിഞ്ഞ ആറാഴ്ചകൾ അമൃത്സറിൽ പ്രചാരണം നടത്തിയശേഷം ഇനിയും തിരഞ്ഞെടുപ്പു കഴിയാത്ത സംസ്ഥാനങ്ങളിലേക്ക് യാത്ര ആരംഭിക്കണം. അമൃത്സറിലെ താമസം കൂടുതൽ അനുസ്മരണീയമാക്കി മാറ്റിയത് അവിടത്തെ ഭക്ഷണം തന്നെയാണ്. അമൃത്സറിനെ ഭക്ഷ്യതലസ്ഥാനമായാണ് ഞാൻ എപ്പോഴും കരുതുന്നത്.

അമൃത്സറിൽ ലഭിക്കുന്ന കുൽച്ചാസും ചനയും ദേശീയതലത്തിൽ തന്നെ ഏറെ പ്രശസ്തമാണ്. ഏതു മുന്തിയ പാചകക്കാരന്റെയും ഭക്ഷ്യവിവരണപ്പട്ടികയിൽ പ്രധാന സ്ഥാനം അമൃത്സറിലെ ആഹാരവസ്തുക്കൾക്കായിരിക്കും. അമൃത്സറിലെ കുൽച്ചാസിനും ചനയ്ക്കും ഒപ്പം സവാള ചട്ണി ഇന്ന് അമൃത്സറിലെ എല്ലാ ഭക്ഷണശാലകളിലും ലഭ്യമാണ്. പ്രഭാതഭക്ഷണത്തിനും ഉച്ചഭക്ഷണത്തിനും അതുപോലെ രാത്രിഭക്ഷണത്തിനും ഒരുപോലെ ഇഷ്ടപ്പെടുന്ന ആഹാരമാണ് കുൽച്ചാചന.

അമൃത്സറിലെ പ്രഭാതഭക്ഷണം പരാന്തയും പൂരി ചോളെയുമാണ്. ഈ നഗരത്തിലെ പാരമ്പര്യമനുസരിച്ച് കുടുംബാംഗങ്ങൾക്കു വേണ്ടുന്ന പൂരിചോളെ വീടുകളിൽ ഉണ്ടാക്കുന്നതിനു പകരം പുറത്തുനിന്നും വാങ്ങുകയാണ് പതിവ്. പഴയ നഗരത്തിലെ മിക്ക പ്രദേശങ്ങളിലും പൂരിചോളെ നിർമ്മിക്കുന്ന പ്രത്യേക സ്ഥലങ്ങളുണ്ട്. ഇവയിൽ പ്രശസ്തമായത് ലോറൻസ് റോഡിലെ 'കനഹിയ ആണ്. ചനയും ഉരുളക്കിഴങ്ങും ചേർത്താണ് കറി തയ്യാറാക്കുന്നത്. ഇത് പ്രഭാതഭക്ഷണത്തിന് നല്ലതാണെങ്കിലും ഉയർന്ന കലോറി ഉള്ളതിനാൽ ദിവസവും കഴിക്കുന്നതിന് അനുയോജ്യമല്ല. ഈ കടകളിലെല്ലാം അമൃത്സർ ലസി ലഭ്യമാണ്. എന്നാൽ 'അഹുജ , 'ഗ്യാൻ എന്നിവ കൂടുതൽ പ്രശസ്തമാണ്. ഇവ രണ്ടും ഉറക്കമില്ലായ്മയ്ക്ക് വളരെ പറ്റിയതാണ്. സസ്യഭക്ഷണത്തിൽ ഇപ്പോഴും 'കെസർ മുന്നിലാണ്. നഗരത്തിലെ മിക്ക ഭക്ഷണശാലകളിലും ഇതിന് ഉയർന്ന സ്ഥാനമാണുള്ളത്. സഞ്ചാരികൾക്കും അതുപോലെ പ്രാദേശികവാസികൾക്കും സസ്യഭക്ഷണം ലഭിക്കുന്നത് പ്രധാന ഭക്ഷണശാലകളായ 'ഭരാഖൻ , 'ബ്രദേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്.

സസ്യേതരഭക്ഷണം ലഭിക്കുന്നത് പ്രധാനമായും സുർജിത് എന്ന ഭക്ഷണശാലയിൽനിന്നുമാണ്. അവിടെ നിന്നു ലഭിക്കുന്ന തണ്ടൂരി ചിക്കൻ, അമൃത്സർ മത്സ്യം, മട്ടൺ ചാംസ് എന്നിവ വളരെ സ്വാദിഷ്ടങ്ങളാണ്. ഏതു ഭക്ഷണപ്രിയന്റെയും പ്രിയവസ്തുവാണ് 'മഖാൻ മത്സ്യം. ഞാൻ ഇന്നുവരെ കഴിച്ചിട്ടില്ലാത്തതും എന്നോടു കഴിക്കാൻ ശുപാർശ ചെയ്യപ്പെടുന്നതും 'ബീര എന്ന ഉയർന്ന ഇനം ചിക്കനാണ്.

'ഗിയാനി റ്റീസ്റ്റാളിലെ പ്രഭാത ചായയോടൊപ്പമാണ് ഈ നഗരത്തിൽ നർമ്മസല്ലാപം ആരംഭിക്കുന്നത്. ഇവിടമായിരുന്നു ലോദി ഗാർഡൻ റ്റീക്കു പകരമായി ഞാൻ തിരഞ്ഞെടുത്തത്.

മേൽപ്പറഞ്ഞ സ്ഥലങ്ങൾ രാജ്യത്തെ വളരെ പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളായി മാറുമെന്ന് ഞാൻ മുൻകൂട്ടി കാണുന്നു.